## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലാ നഗരസഭ – തെക്കേക്കര ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 4,50,00,000/- (നാല് കോടി അമ്പതു ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 1562/13/തസ്വഭവ　　　　　തിരുവനന്തപുരം, തീയതി: 15.06.2013.

================================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) പാലാ നഗരസഭയുടെ 18.01.2013-ലെ 21-)ം നമ്പർ കൗൺസിൽ തീരുമാനം.

3) പാലാ നഗരസഭ സെക്രട്ടറിയുടെ 18.03.2013-ലെ PW1 -3705/05 നമ്പർ കത്ത്.

4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 19.03.2013-ലെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/364/2013 നമ്പർ കത്ത.

6) നഗരകാര്യ ഡയറക്ടറുടെ 30.03.2013-ലെ DC3-4214/2013 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള തെക്കേക്കര ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി 5,00,00,000/- (അഞ്ചു കോടി) രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 4,50,00,000/- (നാല് കോടി അമ്പത്ത് ലക്ഷം) രൂപ അനുവദിയ്ക്കുന്നതിനുള്ള സമ്മതപത്രം പരാമർശം (4) പ്രകാരം കെ.യു.ആർ.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലാ നഗരസഭയുടെ തെക്കേക്കര ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി കൊട്ടാരമറ്റം ബസ് സ്റ്റാന്റ് ഉൾക്കൊള്ളുന്ന സർവ്വെ നം. 742/7-ൽ ഉൾപ്പെട്ടതായ 73 ആർ 45 sq. mtr. സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ

(.....2)

4,50,00,000/- (നാല് കോടി അമ്പത്ത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം പാലാ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പാലാ നഗരസഭ, കോട്ടയം.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ